**എം.കെ.എസ്.പി-നെൽകൃഷി പുനരുദ്ധാരണത്തിനുളള വനിതാ ലേബർ ബാങ്കിന്റെ 12.09.2014 ന് രാവിലെ 10.00 ന് മലപ്പുറം ജില്ലാപഞ്ചായത്ത് പ്രസിഡണ്ടിന്റെ ചേംപറിൽ ചേർന്ന മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലാ പഞ്ചായത്തുകളുടെ കൺസോർഷ്യം യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും.**

ഹാജർ.

1. ശ്രീ. സുഹറ മമ്പാട്,പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്,മലപ്പുറം
2. ശ്രീ. ലീല സുബ്രഹ്മണ്യൻ, വൈസ് പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ
3. ശ്രീ. ഹൈദർ അലി. ടി.പി, അസി. പ്രൊജക്ട് ഓഫീസർ, പി.എ.യു, മലപ്പുറം
4. ശ്രീ. എം.ഫിലിപ്പ്,പ്രൊജക്ട് ഡയറക്ടർ,പി.എ.യു മലപ്പുറം
5. ശ്രീ. പി. ശശികുമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർ,മലപ്പുറം
6. ശ്രീ. സി.മുഹമ്മദ്,എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ.ഇറിഗേഷൻ, മലപ്പുറം
7. ശ്രീ. ഗീത. പി.ടി. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, പി.എ.ഒ ഓഫീസ്
8. ശ്രീ. ശ്രീലത. വി.കെ, ജില്ലാ വനിതാ ക്ഷേമ ഓഫീസർ, മലപ്പുറം
9. ശ്രീ. അനൂപ് കിഷോർ.എം.ആർ,ഗ്രീൻ ആർമി
10. ശ്രീ. എ അബ്ദുൾ ലത്തീഫ്, സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, മലപ്പുറം.
11. ശ്രീ. പ്രീതി മേനോൻ എഡിസി (പിഎ)
12. ശ്രീമതി.സി.സുഭദ്രകുമാരി,എ.പി.ഒ(ഡബ്ലൂഡി)
13. ശ്രീ. ഹംസ. പി.എം, എ.ഡി.എം.സി, കുടുംബശ്രീ ജില്ലാ മിഷൻ, തൃശ്ശൂർ
14. ശ്രീ. പ്രവീൺ. പി.പളളത്ത്, ആർ.ഒ, ഡി.പി.ഒ, പാലക്കാട്
15. ശ്രീ. സജയ്. പി, എ.ഡി.എം.സി, കുടുംബശ്രീ ജില്ലാ മിഷൻ, മലപ്പുറം
16. ശ്രീ. വി.എസ്. സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം.കെ.എസ്.പി, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്

യോഗത്തിൽ മലപ്പുറം ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. സുഹറ മമ്പാട് അദ്ധ്യക്ഷയായിരുന്നു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനെ പ്രതിനിധീകരിച്ച് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. ലീല സുബ്രഹ്മണ്യൻ പങ്കെടുത്തു.

തീരുമാനം 1

03.01.2014_ന് ചേർന്ന കൺസോർഷ്യം യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.

തീരുമാനം 2

07.03.2013 ന് ശേഷം നടന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് യോഗം അംഗീ കരിച്ചു.

തീരുമാനം 3

മലപ്പുറം ജില്ലയിൽ ജില്ലാപഞ്ചായത്ത്, ബ്ലോക്ക്- ഗ്രാമ പഞ്ചായത്തുകൾ വാങ്ങിയിട്ടുള്ള മെഷീനുകൾ പരിശോധിച്ച് ഉപയോഗയോഗ്യമായവ ലേബർ ബാങ്കുകൾ ഏറ്റെടുത്ത ശേഷം ഇനി ആവശ്യമായ നടീൽ യന്ത്രങ്ങൾ വാങ്ങിയാൽ മതിയെന്ന് തീരുമാനിച്ചു. പാലക്കാട്, മലപ്പുറം ജില്ലകളിൽ നടീൽ സീസൺ ആരംഭിച്ചതിനാലും, പതിനായിരത്തോളം ഏക്കർ നിലം നടീലിനായി ലേബർ ബാങ്കുകൾക്ക് ലഭിച്ചതിനാലും പ്രസ്തുത ജില്ലകളിൽ ബ്ലോക്കുകളുടെ ആവശ്യകതാ പത്രത്തിന്റെ അടിസ്ഥാനത്തിൽ നടീൽ യന്ത്രങ്ങൾ വാങ്ങുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. സംസ്ഥാന തല ഉദ്ഘാടനം നടക്കുന്നതിനാൽ കൊണ്ടോട്ടി ബ്ലോക്കു പഞ്ചായത്തിലേയ്ക്ക് 5 നടീൽ യന്ത്രങ്ങൾ വാങ്ങുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

തീരുമാനം 4

നിലവിലുള്ള യന്ത്രങ്ങൾ ഏറ്റെടുത്ത ശേഷം ആവശ്യമായ കള പറിയ്ക്കൽ യന്ത്രങ്ങൾ വാങ്ങുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ യോഗം ചുമതലപ്പെടുത്തി.

തീരുമാനം 5

എം.കെ.എസ്.പി. പദ്ധതിയുടെ ഭാഗമായി 171 ഗ്രാമപഞ്ചായത്തുകളുടെ PRA യുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക മൈത്രിയ്ക്ക് കൈമാറുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി യോഗം തീരുമാനിച്ചു.

തീരുമാനം 6

എം.കെ.എസ്.പി. പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിൽ നിലവിലുള്ള 12 ഫീൽഡ് കോർഡിനേറ്റർമാരുടെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിനും ഇന്റർവ്യൂ നടത്തി നിയമനം നൽകുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി യോഗം തീരുമാനിച്ചു.

തീരുമാനം 7

എം.കെ.എസ്.പി. പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് ഓഫീസിലെ നാളിതുവരെ അപേക്ഷകളൊന്നും തന്നെ ലഭിച്ചിട്ടില്ലാത്ത അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ തസ്തികയുടെ ഒഴിവ് സർക്കാർ സർവ്വീസിൽ ബിഡിഒ/ അസിസ്റ്റന്റ് ഡയറക്ടർ റാങ്കിൽ കുറയാതെ വിരമിച്ച ഒരാളെ താത്ക്കാലികമായി നിയമിക്കാവുന്നതാണെന്ന് യോഗം തീരുമാനിച്ചു.

തീരുമാനം 8

എം.കെ.എസ്.പി. പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് ഓഫീസിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് 1500/- രൂപയിൽ അധികരിക്കാത്ത മൊബൈൽ ഫോൺ ചാർജ്ജ് അനുവദിക്കുന്നതിന് യോഗം തീരുമാനിച്ചു.

തീരുമാനം 9

എം.കെ.എസ്.പി പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 2011 ൽ തീരുമാനിച്ച ശമ്പളമാണ് നൽകികൊണ്ടിരിക്കുന്ന ത്. ഒഴിവുകൾ കൂടി വരുന്നതിനാൽ നിലവിലുള്ള ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ യോഗം തീരുമാനിച്ചു. 27.08.2014 ൽ ചേർന്ന സിആർഡിയുടെ അവലോകനയോഗം താഴെ പറയും പ്രകാരം ശമ്പളം വർദ്ധിപ്പിക്കുന്നതിന് കൺസോർഷ്യം അംഗീകാരം നൽകുകയും ഈ നിർദ്ദേശം അടുത്ത SLCC യിൽ സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

| തസ്തിക | വർദ്ധിപ്പിക്കാൻ തീരുമാനിച്ച ശമ്പളം |
|---|---|
| ഫീൽഡ് കോർഡിനേറ്റർ | 20,000+ടിഎ+ഫോൺ അലവൻസ് |
| ഡാറ്റാ മാനേജർ | 20,000 |
| അക്കൗണ്ടന്റ് | 18,000 |
| ഓഫീസ് അസിസ്റ്റന്റ് | 18,000 |

തീരുമാനം 10

2011 ൽ അന്നത്തെ സാഹചര്യത്തിലാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ സാമ്പത്തികമായും സാമൂഹികമായും ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലാനുസൃത മായ മാറ്റങ്ങൾ പദ്ധതിയിലും വരുത്തി പ്രൊജക്ട് പുന പരിശോധിക്കുന്നത്/ കാലാനുസൃ തമായ മാറ്റങ്ങൾ വരുത്തുന്നതിന് യോഗം അനുമതി നൽകി തീരുമാനമായി.

തീരുമാനം 11

എം.കെ.എസ്.പി പദ്ധതിയുടെ ഭാഗമായുള്ള പരിശീലനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് ഡോക്യുമെന്ററി തയ്യാറാക്കി പ്രക്ഷേപണം നടത്തുന്നതിന് ദൂരദർശനെ ചുമതലപ്പെടുത്തുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി യോഗം തീരുമാനിച്ചു.

തീരുമാനം 12

എം.കെ.എസ്.പി പദ്ധതിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് താമസസൗകര്യ ത്താനായി അനുവദിച്ചിട്ടുള്ള ഇ.ടി.സി ക്വാർട്ടേഴ്സ് (VI/25D) ഗസ്റ്റ് ഹൗസാക്കുന്നതിനും അതിൽ കോൺഫറൻസ് ഹാൾ സജ്ജമാക്കുന്നതിനുമുള്ള അനുമതി നൽകി യോഗം തീരുമാനിച്ചു.

തീരുമാനം 13

എം.കെ.എസ്.പി പദ്ധതിയുടെ 2-ാം ഗഡു തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാ ക്കുന്നതിനായി ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് സ്റ്റേറ്റ്മെന്റ് ആവശ്യമായ സാഹചര്യ ത്തിൽ ആയതിലേയ്ക്കായി അക്കൗണ്ടന്റ് ജനറലിന്റെ എംപനാൽ ലിസ്റ്റിലുള്ള അംഗീകൃത ഓഡിറ്റർമാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് ഓഡിറ്ററെ നിയമിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി യോഗം തീരുമാനിച്ചു.

തീരുമാനം 14

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലാണ് പദ്ധതി പ്രകാരമുള്ള ആദ്യ വനിതാ ലേബർ ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. ആയതിന്റെ സംസ്ഥാന തല ഉദ്ഘാടനം സെപ്തംബർ 20 ന് ബഹു: ഗ്രാമ വികസന വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ് നിർവ്വഹിക്കുന്നതാണ്. ഉദ്ഘാടന പരിപാടി നടത്തുന്നതിന് പദ്ധതിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ യോഗം ചുമതലപ്പെടുത്തി തീരുമാനിച്ചു.

തീരുമാനം 15

31/08/2014 വരെയുള്ള വരവ് ചെലവ് കണക്കുകൾ യോഗം അംഗീകരിച്ചു.

പരിശീലനാർത്ഥികൾക്ക് പരിശീലനത്തിന് പരിശീലന കേന്ദ്രത്തിൽ എത്തിച്ചരുന്നതി

| ഫണ്ട് വിവരം | | | |
|---|---|---|---|
| വരവ് | | ചെലവ് | |
| കേന്ദ്ര വിഹിതം | 75700000 | മീറ്റിങ്ങ് | 140042 |
| പഞ്ചായത്തി രാജ് വിഹിതം സ്ഥാപനങ്ങളുടെ | 117576022 | ഡിപിആർ | 1255500 |
| ബാങ്ക് പലിശ | 10846750 | പരിശീലനങ്ങൾ | 8047997 |
| | | ശമ്പളം | 1581112 |
| | | Setting up of PMU | 354670 |
| | | വണ്ടി വാടക | 210563 |
| | | Administration | 264356 |
| ആകെ | 204124772 | ആകെ | 11854240 |
| നീക്കിയിരിപ്പ് | 192270532 | | |

നായുള്ള യഥാർത്ഥ യാത്രാബത്ത പ്രൊജക്ടിൽ നിന്നും അനുവദിക്കുന്നതിനായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് യോഗം തീരുമാനിച്ചു.

ഉച്ചയ്ക്ക് 1 മണിയ്ക്ക് യോഗം സമാപിച്ചു.

സുഹറ മമ്പാട്
പ്രസിഡണ്ട്
മലപ്പുറം ജില്ലാ പഞ്ചായത്ത്